


# LITTLE KITE's, SVMMHSS, VENDAR

## 2018 - 19

# S.V.M.M.HSS & VHSS, VENDAR KOLLAM



# **സ്മൃതിജാലകം 2018-19**

# FOUNDER



VENDAR
G. BALAKRISHNA PILLAI

# MANAGER



അനുഭവങ്ങളുടെക്കൂട്ടായ്മയ്ക്ക് .........


ഒത്തിണക്കങ്ങൾക്ക് .........

ചിന്തയ്ക്കും, സൃഷ്ടിയ്ക്കും, പകർത്തലുകൾക്കും, വിദ്യാധിരാജയിലെ ലിറ്റിൽ

കൈറ്റ്സ് കൂട്ടായ്മയ്ക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.


തുടർന്നും നന്മയുടെ പാതകളിൽ വർണങ്ങൾ നിറയ്ക്കാൻ കഴിയട്ടെ.....

ആശംസകളോടെ............




കെ.ബി. റാണി കൃഷ്ണ

# HEAD MASTER



**വിദ്യാധിരാജയുടെ കൈറ്റ് കൂട്ടായ്മയ്ക്ക്, ഐക്യത്തിന് എല്ലാ നൻമകളും ആശംസിക്കുന്നു. ഇതിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.**

**ആശംസകളോടെ,**



**റ്റി. ജയഭദ്രൻ**

# എഡിറ്റോറിയൽ

വിജ്ഞാനം വിരൽ തുമ്പിലാണെന്നതിന്റെ ഫലമാണ് വിവര സാങ്കേതിക വിദ്യയുടെ വളർച്ച.കാലത്തിനൊപ്പം സഞ്ചരിക്കുന്ന അറിവിന്റെ ജിജ്ഞാസയുടെ അത്ഭുത ലോകത്തേക്ക് തുറക്കുന്ന താക്കോലാണിത്.അക്ഷരത്തിന്റെയും അറിവിന്റെയും അകം പൊരുൾ നിറകതിർ തൂകിയില്ലെങ്കിൽ ജീവപ്രപഞ്ചം നിത്യ തമോഗർത്തത്തിലാണ്ടുപോകുന്നു.

ബാല്യത്തിന്റെ വിരൽത്തുമ്പിൽ ആവാഹിച്ച അറിവിന്റെ ദീപ്തി അഗ്നിയായി ആളിപ്പടരട്ടെ !

അത് കർമ്മങ്ങളിൽ വെളിച്ചമായി ,

ശക്തിയായി ,ചൈതന്യമായി നമുക്ക് വഴി കാട്ടട്ടെ !

ആത്മ സാക്ഷാത്ക്കാരത്തിന്റെ വർണരാജികൾ കസവണിയിച്ച സൃഷ്ടികൾ കാവ്യ സമ്പുഷ്ടമായ ഈ മാഗസിനിൽ സ്നേഹാദരപൂർവ്വം സമർപ്പിക്കുന്നു.

സസ്നേഹം

ആദിത്യ എസ് പിള്ള

ചീഫ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്





# സ്റ്റാഫ് എഡിറ്റോറിയൽ

സമകാലിക സമൂഹത്തിന്‌വായനയുടെയും പഠനത്തിന്റെയും പുതിയ തലങ്ങൾ സമ്മാനിക്കുന്ന വിവരസാങ്കേതികവിദ്യ അറിവിന്റെ നിറകുടം തന്നെ. കാലത്തിനൊപ്പം അതിനേക്കാൾ വേഗം സഞ്ചരിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു വിവരസാങ്കേതികവിദ്യ.പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് നടന്നു നീങ്ങാനുള്ള ജിജ്ഞാസ തരുന്ന മാന്ത്രികവിളക്കാണിത്.സർഗാത്മകതയുടെ തെളിദീപം ഇവിടെ പ്രകാശമാനമാകുന്നു.ഈ വെളിച്ചത്തിൽ വായനയുടെ വസന്തത്തെ എതിരേൽക്കാൻ ഏവരെയും സ്വാഗതം ചെയ്യുന്നു

സ്റ്റാഫ് എഡിറ്റർ

രശ്മി. വി. ജെ

# താളുകൾ മറിയുമ്പോൾ

1. ആറ്റുവാശ്ശേരി ഐതിഹ്യങ്ങളിലൂടെ - 11

2. വിജനതീരം - 19

3. കണക്കിലെ കളികൾ - 20

4. പുലരി - 22

5. ചിലപ്പോൾ ജലാശയങ്ങളുടെ ഉപരിതലത്തിൽ - 23

പാടപോലെ ഒരാവരണം ഉണ്ടാകുന്നതെന്തുകൊണ്ട്.

6. ക്ഷമിക്കു എൻ മക്കളേ - 25

7. നീരജ - 26

8. ഗ്രീൻ എൻവിറോൺമെൻറ് ക്ലീൻ എൻവിറോൺമെൻറ് - 27

9. നിലാവിന്റെ ഓർമ്മയ്ക്ക് - 28

10. നനയാത്ത മഴ - 30

11. നോബൽ പ്രൈസ് വിന്നർ ബോബ് ഡൈലൻ - 32

12. ചാച്ചാജിയും കുട്ടികളും - 33

13. സ്വച്ച് ഭാരത് അഭിയാൻ - 34

14. നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു. - 42

15. നന്ദി - 43

# LK/2018/39048

## ആറ്റുവാശ്ശേരി ഐതിഹ്യങ്ങളിലൂടെ....

**Anusree P.V 8c**

### ആമുഖം

ആറ്റുവാശ്ശേരി എന്ന എന്റെ ഗ്രാമം ധാരാളംഐതിഹ്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ചരിത്രമുറങ്ങുന്ന മണ്ണാണ്. ഈ നാടിന്റെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സവിശേഷതകൾ കുട്ടിക്കാലം മുതൽ ഞാൻ മനസ്സിൽ കോറിയിട്ടിരുന്നു. ഇവിടെ കണ്ട സാമൂഹ്യ-സാംസ്കാരിക പ്രത്യേകതകൾ എന്നെ വളരെ അത്ഭുതപ്പെടുത്തിയിരിക്കുന്നു.

കേട്ടുകേൾവിയുള്ള കഥകളും പ്രാദേശിക ചരിത്രങ്ങളും എന്റെമനസ്സിൽ ഇപ്പോഴും പച്ചപിടിച്ചു കിടക്കുന്നു. ഞാൻ വളർന്നുവന്ന കാലത്ത് ഈ വിധത്തിൽ ആർജ്ജിച്ച അറിവും, ബോധവും ഉൽകണ്ഠയും എന്നെ ഈ ഗ്രാമത്തിലെ സാമൂഹ്യ-സാംസ്കാരിക സവിശേഷതകളിലേക്കു കൂടുതൽ ആകർഷിച്ചു. എന്റെ പ്രദേശത്തെ എന്നോളം പ്രായമുള്ളവർക്കും എന്നേക്കാൾ മുതിർന്നവർക്കും വസ്തുനിഷ്ഠമായി അറിയാവുന്ന കാര്യങ്ങളാണ്,അന്ന് അഭ്യസ്തവിദ്യരായിരുന്ന, ഇന്നും ജീവിച്ചിരിക്കുന്ന ഈ പ്രദേശത്തെ പഴമക്കാരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പരാമർശങ്ങൾക്ക് ഉപോൽബലകമായ തെളിവുകളായി പരിഗണിക്കുന്നത്.

## ആറ്റുവാശ്ശേരിയുടെ സ്ഥാനം.

വടക്കു-കിഴക്ക് മഠത്തിനാപ്പുഴ മുതൽ വടക്കു-പടിഞ്ഞാറ് ഞാങ്കടവ് വരെ വടക്കേ അതിർത്തിയായി കല്ലടയാർ ഒഴുകുന്നു. കിഴക്ക് പൂവറ്റൂരും തെക്ക് മൈലംകുളവും പുത്തൂരും പടിഞ്ഞാറ് തെക്കുംചേരിയുമായി ഈ ഗ്രാമ അതിർത്തികൾ.പഴയകാലത്ത് തിരുവിതാംകൂർ രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഈ പ്രദേശം ഇപ്പോൾ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ കുളക്കട ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

കിഴക്ക് മൈലം, പട്ടാഴി ഗ്രാമ പഞ്ചായത്തുകളും തെക്കും-പടിഞ്ഞാറും നെടുവത്തൂർ പവിത്രേശ്വരം എന്നീ ഗ്രാമ പഞ്ചായത്തുകളും വടക്ക് കുന്നത്തൂർ ഗ്രാമ പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങളുമാണ് പഞ്ചായത്ത് അതിർത്തി.

## ഭൂപ്രകൃതി

പൊതുവെ നിരപ്പ് ഭൂമിയായ ഇവിടെ കൃഷി ഭൂമികളും പാടശേഖരങ്ങളും, തോടുകളും, ചിറകളും ഇടവിട്ട് കാണപ്പെടുന്നു. സമ്പൽ സമൃദ്ധവും സമാധാന പൂർണ്ണവുമായ ഈ ഗ്രാമം തികച്ചും ചാരുതയാർന്ന ഒന്നു തന്നെയാണ്.

## ആറ്റുവാശ്ശേരിയുടെ നാമകരണം.

ഈ ഗ്രാമത്തിന് ആറ്റുവാശ്ശേരി എന്ന പേരു വന്നതിന്റെ പിന്നിൽ പല ഐതീഹ്യങ്ങൾ ഉണ്ട്. ആറ്റുവാചേരി, ആറ്റുവാ എന്നാൽ ആറിന്റെ "വായഭാഗം" ചേരി എന്നാൽ "കര" എന്നും പിൽക്കാലത്ത് ഉച്ചാരണ പരിണാമം സംഭവിച്ചായിരിക്കം ആറ്റുവാശ്ശേരി എന്നായിത്തീർന്നത്. ആറ്റുവാശ്ശേരിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ നോക്കിയാലും ആറ്റുവായിലുള്ള ചേരി എന്നർത്ഥമാകുന്ന പേര് ഈ സ്ഥലത്തിന് വളരെ അന്വർത്ഥമാണ്.

## ഐതീഹ്യങ്ങൾ

ഇവിടുത്തെ പഴമക്കാർ അവകാശപ്പെടുന്ന മറ്റൊരു പെരുമ ഈ നാടിനുണ്ട്. ഉദ്ദേശം 5000 വർഷങ്ങൾക്ക് മുന്പ് കുറെക്കാലം നൂറ്റുവർ വസിച്ചിരുന്നത് ഇവിടെയാണ്. അതുകൊണ്ടാണ് ഇവിടം നൂറ്റുവാശ്ശേരി എന്നറിയപ്പെട്ടത്.

## വേലൻ മൂഴിയിലെ തെരളി കല്ലുകൾ

ആറ്റുവാശ്ശേരി വടക്ക് കല്ലടയാറിന്റെ തീരത്ത് വേലൻമുഴി എന്ന കടവ് ഉണ്ട്. ആ കടവിന്റെ വടക്ക് ഐവർകാലയുടെ കരയും പഴയകാലത്തെ ചെമ്പ് അടുപ്പിന്റെ ആകൃതിയിൽ ആറ്റിലേക്ക്

ചാലുപോലെ പണ്ടെന്നോ ഉണ്ടാക്കിയ ഒരു കുഴിയുണ്ട്. അതിന്റെ കരയിലായി ചെമ്പ്കമഴ്ത്തിയ ആകൃതിയിൽ ഒരു ചെങ്കൽകുന ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥലം റബർ എസ്റ്റേറ്റുകളായി തീർന്നതിനാൽ ആ കല്ലുകൾ ആ പ്രദേശമാകെ ചിതറിക്കിടക്കുന്നതായാണ് കാണപ്പെടുന്നത്. ആ കല്ലുകളുടെ പുറം ഭാഗത്തിന് വെന്ത തെരളിയുടെ തവിട്ടു നിറവും ആ കല്ലുകൾ പൊട്ടിച്ചു നോക്കിയാൽ അതിന് വേവാത്ത ഉൾവശം പോലെ വെളുപ്പ് കലർന്ന ഒരു നടുഭാഗവും ഉണ്ട്. കുറച്ചുകാലം മുന്പ് വരെ ആ കല്ലുകൾക്ക് തെരളിയുടെ മണമുണ്ടായിരുന്നെന്നും പ്രായമേറിയവർ പറയുന്നു.

## തെളിവുകൾ ചുരുക്കത്തിൽ

1. ന്യറ്റുവാശ്ശേരി എന്ന പേരിന് ആറ്റുവാശ്ശേരി എന്ന ഉച്ചാരണ പരിണാമം സംഭവിച്ചു.

2. അയ്പ്പേർകാല എന്ന ഗ്രാമ പേരിന് പിൽക്കാലത്ത് ഐവർകാല എന്ന പരിണാമം സംഭവിച്ചു.

3. പാണ്ഡവർ ഉണ്ടാക്കി ഉപേക്ഷിച്ചു എന്നു കരുതപ്പെടുന്ന തെരളിക്കല്ലിന്റെ നിറവും രൂപവും യഥാർത്ഥ തെരളിയുടേയുപോലെയാണ്.

4. ആറ്റുവാശ്ശേരിയുടെ വടക്കേത്തീരത്ത് പാണ്ഡവരുടെ നീരാട്ട്

മറച്ചിരുന്ന മാറാഞ്ചിറയുള്ള വലിയ പാറ ഇപ്പോഴുമുണ്ട്.

5. പെരുവിരുത്തി മലനടയുടെ സമീപത്ത് അപ്പൂപ്പൻ നടയിൽ ഊരാളി മൂപ്പൻമാരുടെ ആലയും ഇപ്പോഴുമുണ്ട്.

6. മണ്ണടി ദേശക്കല്ലിൻമൂട്ടിലെ പാണ്ഡവ ഒളിത്താവളമെന്ന് കേട്ടുകേഴ്വിയുള്ള അരേയ്ക്കൽ ചാണി എന്ന തുരങ്കം ഇപ്പോഴുമുണ്ട്.

7. പവിത്രേശ്വരത്തേയും, പെരുവിരുത്തിയിലേയും മലനടകളിലെ കള്ള്, കോഴി, പട്ട് എന്നിവ വഴിപാടായി അംഗീകരിക്കാനായുള്ള മൂലകേതു ന്യാറു ശതമാനനവും യുക്തിക്കു നിരക്കുന്നത് തന്നെ.

8. കടമ്പനാടിന് പടിഞ്ഞാറ് പെരുവിരുത്തി മലനടയിലുള്ള ഏക ദുര്യോധന ക്ഷേത്രവും, അവിടുത്തെ ദുശ്ശാസനൻ, ദുശ്ശള, കർണ്ണൻ , ദ്രോണർഎന്നിവരുടെ ഉപദേവതാ സങ്കൽപ്പവുംഇന്നും നിലനിൽക്കുന്നു.

## ആറ്റുവാശ്ശേരി ഇന്നും ഇന്നലയും

ഏകദേശം 50 വർഷം മുൻപ് വരെ മുപ്പതോളം ജന്മി ഗൃഹങ്ങളും അതിനെ ചുറ്റിപ്പറ്റി ജീവിക്കുന്ന കുറെ അടിയാളൻമാരുമാണ് ഉണ്ടായിരുന്നത്. ഇതിൽ നിന്നും വലിയ മാറ്റമാണ് നിലവിൽ ഈ പ്രദേശത്ത് ഉള്ളത്.

## മതവും സംസ്കാരവും.

ഇവിടെ പ്രധാനമായി നായർ വംശജരാണ് ഉള്ളത്. എന്നാൽ അടുത്ത കാലത്തായി എല്ലാ വിഭാഗക്കാരുടേയും വീടുകളുടെ എണ്ണം വർദ്ധിച്ചു വന്നിട്ടുണ്ട്. പുറം നാട്ടുകാരുമായി വിവാഹ ബന്ധം കുറവായതിനാൽ, ബാഹ്യ സംസ്കാരത്തിന്റെ സ്വാധീനത്തിന് പിടി കൊടുക്കാതെ ഇവിടുത്തെ പ്രത്യേക ചിന്താഗതികൾക്കും, ഹൈന്ദവ സംസ്കാരത്തിനും അധിഷ്ഠിതമായ ഗ്രാമീണ തനിമ ഇന്നും ഇവിടെ നിലനിൽക്കുന്നു.

## ആറ്റുവാശ്ശേരി എൻ.എസ്.എസ്. സ്കൂൾ

1948 ൽ സ്ഥാപിതമായ ഈ സ്കൂളിന്റെ സേവനം കഴിഞ്ഞ ആറ് പതിറ്റാണ്ടായി ഗ്രാമീണർക്ക് ലഭിച്ചുവരുന്നു.

## കലയും സംസ്കാരവും

ദേവീ-ദേവ പ്രീതിക്കുവേണ്ടി ഇവിടെ നടത്തിയിരുന്ന അനുഷ്ഠാന കലാ രൂപങ്ങളായിരുന്നു തോറ്റംപാട്ട്, കളമെഴുതിപ്പാട്ട് എന്നിവ. കാലൻ തുള്ളൽ, കോലം തുള്ളൽ എന്നീ കലാരൂപങ്ങളും അവതരിപ്പിച്ചിരുന്നു. മനുഷ്യരിൽ കടന്നുകൂടുന്ന ദുരാത്മാക്കളെ ഓതിയും,

തുള്ളിയും മോചിപ്പിക്കുകയാണ് ഈ ചടങ്ങിൻറ ഉദ്ദേശം. ദളിത് വർഗ്ഗത്തിൽപ്പെട്ടവർ അവതരിപ്പിക്കുന്ന പ്രാകൃത നൃത്തരൂപമാണ് ഭരതം കളി.

## ആറ്റുവാശ്ശേരി കളത്തട്ട്.

കണിയാപൊയ്കയിൽ എത്തുന്നതിനു മുമ്പ് ശ്രീ ഭദ്രകാളീ വിശ്രമിച്ചിരുന്ന ചരിത്ര പ്രസിദ്ധമായ കളത്തട്ട് ഇവിടെയുണ്ട്.

## കൽക്കിണറുകൾ

പണ്ട് സാധാരണക്കാരുടെ വീടിന് മുന്നിൽ മണ്ണ് കുഴച്ചും, ചുറ്റും തടി കെട്ടിയ കിണറുകളാണ് ഉണ്ടായിരുന്നത്. കിണറ് കുഴിച്ച് ചുറ്റും നരിക്കല്ലിന്റെ ഇനത്തിൽപ്പെട്ട ഇരുമ്പിന്റെഅംശം കൂടുതലുള്ള തവിട്ടു നിറമുള്ള കല്ലുപയോഗിച്ച് മനോഹരമായ ഒരു വലിയ ഭരണിയുടെ വായ്ഭാഗത്തിന്റെ ആകൃതിയിലാണ് കിണറിന്റെ വായ്ഭാഗം.

## കൽത്തറ

എല്ലാ വർഷവും പ്രധാന വിളവെടുപ്പിന്റെ കാലമായ മകരമാസത്തിലെ ഇരുപത്തി എഴാം തീയതി അനതാരം എന്ന ഒരു ആഘോഷം ഇവിടുത്തെ എല്ലാ തറവാടുകളിലേയും കൽത്തറകളിൽ ഇന്നും കൊണ്ടാടുന്നു.

## സ്ഥല നാമങ്ങൾ

ഒന്നോ അതിലധികമോ പ്രത്യേക തരം മരങ്ങൾ ദീർഘകാലം നിൽക്കുന്ന പറമ്പിന്റെയും അതിലുള്ള വീടിന്റെയും ആ വൃക്ഷത്തിന്റെ പേര് ചേർത്ത് നാമകരണം ചെയ്യുന്ന ഒരു സമ്പ്രദായം ഇവിടെയുമുണ്ട്.

## ഉപസംഹാരം

സുന്ദരിയായ കല്ലടയാറിന്റെ തീരത്ത് ഇല്ലിമുളം കാടുകളും, വള്ളി പടർപ്പുകളും ഇന്ന് ഗതകാല സ്വപ്നങ്ങൾ അയവിറക്കിക്കൊണ്ട് അനന്തതയിലേക്ക് കണ്ണുംനട്ട് നിർന്നിമേഷരായി നിൽക്കുന്നു.

# വിജനതീരം

പൂജ പി നായർ -10C

മനസ്സറിയുംമുന്പേ പ്രണയം പെയ്യും മുന്പേ
തിര അറിയും മുന്പേ അവൻ ദൂരെ മാഞ്ഞുപോയ്
വിജനമീ വഴികളിൽ അവൻ എങ്ങു മാഞ്ഞുപോയ്
മനസ്സിൽ താളമായി അവൻ ദൂരെ മാഞ്ഞുപോയ്

വിടരും മുന്പേ അവൻ അകലുകയായി
ഈ പ്രണയമിനി മരണതുല്യമായി
സ്നേഹിച്ച് നിന്നെ ജീവിതത്തിലെന്നും
ഈ നാം രണ്ടല്ല ഒന്നായിടാം എന്നു ചൊല്ലി

ഈ വിജനമീ തീരം
നിൻ സ്വാന്തനം ഞാൻ അറിയുന്നു പ്രീയനേ
എൻ നൊമ്പരം പറയുവാൻ
അരികിലായ് വരുകയില്ലേ നീ.

നീയല്ലാത്ത ഈ ജീവിതം വിജനമായ തീരമായി
നീയറിയാത്തവാക്കുകൾ എൻ മിഴികളിൽ തുള്ളിയായി
നീപറയാത്ത നൊമ്പരം എൻജീവിതം നശ്വരമാക്കി.
നീയില്ലാതെ ഞാൻ ഈ ഭൂമിയിൽ ഏകാകിയായി.

# കണക്കിലെ കളികൾ

- വെളിച്ചെണ്ണക്ക് വളരെ വിലകുറവ്. എങ്കിൽ രണ്ടു ലിറ്റർ വെളിച്ചെണ്ണ വാങ്ങിക്കാമെന്നു വച്ച് കൃഷ്ണൻ പാത്രവുമെടുത്ത് പലചരക്കു കടയിലേക്കുപോയി . പക്ഷെ, കടയിൽ രണ്ടു ലിറ്ററിന്റെ അളവ് പാത്രമില്ല. എട്ടിന്റെയും 5 ന്റെയും ഓരോ അളവ് പാത്രങ്ങളെ അവിടെ ഉള്ളു എന്നും അതിനാൽ പിന്നീട് തരാമെന്നും പീടികക്കാരൻ പറഞ്ഞു.പക്ഷെ,കൃഷ്ണന് വെളിച്ചെണ്ണ അപ്പോൾ തന്നെ കിട്ടിയേ തീരു.നിങ്ങൾക് ഒരു സൂത്രം പറഞ്ഞുകൊടുക്കാമോ.?

ഒരു കുടി എന്ന സംഖ്യയിൽ അടങ്ങിയിട്ടുള്ള ആയിരങ്ങളുടെ എണ്ണം എത്ര.?

## ഉത്തരങ്ങൾ

- ആദ്യം അഞ്ചു ലിറ്റർ പാത്രത്തിൽ നിറയെ വെളിച്ചെണ്ണ എടുത്തു അത് എട്ടുലിറ്റർ പാത്രത്തിൽ ഒഴിയ്ക്കുക.വീണ്ടും അഞ്ചു ലിറ്റർ പാത്രത്തിൽ വെളിച്ചെണ്ണ നിറച്ച് എട്ടുലിറ്റർ പത്രം നിറയുന്നത് വരെ ഒഴിക്കുക.അപ്പോൾ ബാക്കി വരുന്നത് കൃത്യം രണ്ടു ലിറ്റർ .
- 10000

# പുലരി

ജ്യോതികാ സതീഷ് ,5.A

മഞ്ഞിൻകണങ്ങളിൽ തട്ടി തട്ടി
ചിന്നിച്ചിതറുന്ന സൂര്യ രശ്മി
പുലർകാല സുന്ദര ശോണിമയാൽ
മിന്നിത്തിളങ്ങുന്ന സൂര്യരശ്മി

ആദിത്യദേവൻറെ ജ്വാലയെങ്ങും
വിണ്ണിനെയാകെ തഴുകിയിടുന്നു
കുഞ്ഞു ചെടികൾ തൻ നാമ്പിനുള്ളിൽ
മൊട്ടുകൾ പൂവാവാൻ വെമ്പിടുന്നു.

കിളിതന്റെ മാധുര്യ ഗീതങ്ങളാൽ
പുലർകാലമെങ്ങും തഴുകിടുന്നു
പുലരിയെപ്പോലെ മനോഹര സുന്ദരം
പുലരിതൻ നാമ്പുകൾ മാത്രമല്ലേ

## ചിലപ്പോൾ ജലാശയങ്ങളുടെ ഉപരിതലത്തിൽ പാടപോലെ ഒരു ആവരണം കാണുന്നത് എന്തുകൊണ്ട് ?

**Arjun B.S 9c**

നീല-പച്ച ആൽഗകൾ എന്ന പേരിലറിയപ്പെടുന്ന സൂക്ഷ്മജീവികളാണ് ഇതിനു കാരണം. ഇവയിൽ മിക്കതും ഏകകോശജീവികളാണെങ്കിലും അനേകം കോശങ്ങളുള്ള നാരുകൾ പോലെയുള്ളവയേയും കാണാം. കോശസ്തരത്തിനു പുറമെ ജെലാറ്റിൻ കൊണ്ടുള്ള ഒരാവരണം ഉണ്ട്. അതിനാൽ അനേക ലക്ഷം കോശങ്ങൾ ഉള്ളപ്പോൾ ഒരു പാടപോലെതോന്നും. പ്രത്യേകിച്ചും ഉഷ്ണമേഖലാപ്രദേശങ്ങളിൽ സസ്യപോഷകങ്ങൾ ധാരാളമായി ഉള്ളപ്പോൾ, നീല-പച്ച ആൽഗകളുടെ ഒരു "ബ്ളൂം"-കോടിക്കണക്കിന് നീല-പച്ച ആൽഗകളുടെ "വിടരൽ" തന്നെയുണ്ടാകും. ഈ പ്രതിഭാസത്തെയാണ് "അധിക പോഷകകരണം" [eutrophication] എന്നു പറയുന്നത്. ഇങ്ങനെ സംഭവിക്കുന്നത് മറ്റു ജീവജാലങ്ങൾക്കു ദോഷകരമാണ്.

നില-പച്ച ആൽഗകൾ യഥാർഥത്തിൽ ആൽഗകളല്ല. തെറ്റിദ്ധാരണമൂലമാണ് അങ്ങനെ പേരിട്ടത്. അവയുടെ

കോശഘടന പരിശോധിച്ചാൽ, അതിന് ബാക്റ്റീരിയയുടേതാണ് കൂടുതൽ സാമ്യമെന്നു കാണാം. അതിനാൽ അവയെ സയനോബാക്റ്റീരിയ എന്ന വിഭാഗത്തിലാണ് പെടുത്തിയിട്ടുള്ളത്.

## ക്ഷമിക്കൂ എൻ മക്കളേ

**ലക്ഷ്മി . ടി. ജി -9D**

ക്ഷമിക്കുക മക്കളേ ഈ അമ്മയോട്
നോവിക്കണമെന്നാഗ്രഹിച്ചില്ല
അറിയാതെയെന്നിൽ കോപമെത്തി

വളർത്തി വലുതാക്കിയതീ അമ്മതന്നെ
എനിക്കറിയില്ല ഇതെഞ്ഞുപറ്റി
എൻ ശ്വസകോശത്തിൽ വിഷപ്പുകയെത്തി മലിനമാക്കിയില്ലേ
എൻ മരങ്ങളേമുറിച്ച് എൻ കണ്ണീരിനേ ഒരുക്കിയില്ലേ.....

അതിന് പകരം വീട്ടിയതല്ല
എൻ ദുഖത്തെ ഒരു പ്രളയമാക്കേണ്ടി വന്നു
**ക്ഷമിക്കുക മക്കളേ......**

# NEERAJA

**Adithyasree 8E**

Neeraja is an Indian film which tells about the true story of 23 year old air hostess Neeraja Bhanot,who lost her life while helping passengers escape from Palestinian terrorists on a hijacked PanAm flight in 1986 .This is a respectful tribute that pushes all the right buttons .Sonam Kapoor has acted as Neeraja in the film. She successfully conveys Neeraja's inner journey from fear to finding courage under fire .The entire story was already known to the nation .The way it unfolded on screen gave the audience goosebumps and left everyone tearyeyed while exiting the cinema hall .The movie shows the struggle of an air hostess in a crisis situation.

# GREEN ENVIRONMENT CLEAN ENVIRONMENT

**Greeshma Gireesh.8E**

It is our responsibility to make our environment clean .Our state Kerala is popularly known as “Gods own country”.Our country, our mother India is said to be the country where milk and honey flows.

But not now, it was only in the past .Now it's a country or state in which garbage and waste flows.

It is the truth, it is a fact .Our country stands at the second position in population .In the twentyfirst century the people are all selfish .They are not thinking about future, their state and country.

We want to change this situation . We are Indians ,our aim is to build a clean green country .It is not possible to make our country clean and green in one second .We need to work hard, put much effort and try our best. Its our sole responsibility.

There are a lot of schemes like “Swatch Bharath Abhiyan”launched by our Prime Minister Narendra Modi .Look at your surroundings, it is full of buildings, factories etc .But can you find any greenery, any fields? Now itself we don't get much rain .So what will be the situation in the future.

So,please plant at least a sapling and in the future ,let people proudly think of you for this one good deed.

## ഒരു നിലാവിന്റെ ഓർമയ്ക്ക്

**ഗോപിക. R .8B**

നിലാവ് വെറും നിലാവല്ല,പാൽ നിലാവ് ചുറ്റും പുള്ളി പാവടപോലെയുള്ള ശോഭയാർന്ന നക്ഷത്രങ്ങൾ .ആകാശ സീമകൾക്കുമപ്പുറം മൊട്ടുപോലെ പുഞ്ചിരിച്ച അവളുടെ അമ്മയും. അമ്മയുടെ പുഞ്ചിരി അവളുടെ മനസിനെയും ശുഭ്രമാക്കിത്തീർത്തിരിക്കുന്നു.

സമയമേറെ കഴിഞ്ഞിരിക്കുന്നു.നിലാവിന്റെ വെളിച്ചത്തെ പട്ടണത്തിലെ ഇലക്ട്രിക്ക് ലൈറ്റ്കളുടെയും മറ്റും പ്രകാശം മങ്ങിപ്പിച്ചിരിക്കുന്നു.പാല്നിലാവ് സ്വന്തം അമ്മയുടെ മുഖം വെച്ച് നോക്കി,കണ്ണീർ ചാലുകൾ പറ്റിയിട്ടില്ലെങ്കിലും പുഞ്ചിരിക്കുന്ന'അമ്മ'മാതാവിനെ'പോലെ......പരിശുദ്ധയായഅമ്മ.ചിന്ത യിലാണ്ടിരിക്കെ ബെല്ലടിക്കാൻ തുടങ്ങി .ഉറങ്ങുവാനുള്ള സമയം.എന്തുറക്കം. .ആദ്യമൊക്കെ അമ്മയില്ലാതെ ഉറങ്ങുമായിരുന്നില്ല .അമ്മയെ കെട്ടിപിടിച്ച കാല് അമ്മയുടെ ദേഹത്തേക്ക് വെച്ചിരുന്നതിന്റെ ഒരു സുഖം.അങ്ങനെ ഒരു രാത്രിയിലാണല്ലോ 'അമ്മ പോയത്.അങ്ങനെ ഈ അനാഥ മന്ദിരത്തിൽ ........അവൾ അനാഥ ആയിരുന്നില്ലല്ലോ അമ്മയുടെ ഓർമ്മകൾ കൊണ്ട് അവൾ സനാഥഥആയിരിക്കുന്നു.അങ്ങനെ നിലാവിനെ നോക്കിയിരിക്കാൻ അവൾ ശീലിച്ചുകഴിഞ്ഞിരുന്നു.നിലവില്ലാത്ത രാത്രികളെ അവൾ വളരെയധികം ഭയന്നിരുന്നു.അവൾ മുറിയിലേക്ക് നടന്നു.അമ്മയുടെ അടുത്ത് പോകാൻ സാധിച്ചെങ്കിൽ....ഇല്ലാ,ഇനിയൊരിക്കലുംഅമ്മ അവളെ കാണാനോ,കഥകൾ പറയാനോ താരാട്ടുപാടുവാനോ വരില്ല.അവൾക്കത് നന്നായി അറിയാം.സിസ്റ്റർ മെറിന്റെ കൂടെ വന്ന

രണ്ടു പേർ തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.സിസ്റ്റർ അവളെ അടുത്തേക്ക് വിളിച്ചു ."അന്ന" നിനക്ക് ഇവരെ അറിയാമോ എന്ന് ചോദിച്ചു .അവർ എന്നെ സഹതാപത്തോടെ നോക്കുകയും ചെയ്തു.ആ കണ്ണുകൾക്ക് അവൾ തേടിയ ഭാവമില്ല.പുച്ഛത്തോട് കൂടിയ സഹതാപം.തനിക്ക് ആ സഹതാപം വേണ്ടതില്ല.അവൾ തേടിയ ഭാവംമാതൃത്വമായിരുന്നു.

രാത്രി രണ്ടാം യാമത്തിലേക്കു കടന്നു കഴിഞ്ഞിരുന്നു.കാലത്തിനു എന്തൊരുവേഗത.അവൾ കിടക്കയിൽ കിടന്നുകൊണ്ട് നിലാവിനെ നോക്കി ......നിലാവ് നല്ലതുപോലെ തെളിഞ്ഞു.അവൾ നിദ്രയിലേക്ക് പതിയെ വഴുതി വീണു.എപ്പോഴോ ഉറക്കത്തിൽ അവൾ ഒരു താരാട്ടുപാട്ടു കേട്ടു."ഓമന തിങ്കൾ കിടാവോ ....നല്ല......കോമള താമര പൂവോ........"ആ കാതുകൾ അതിൽ ലയിച്ചു നിദ്ര കൊണ്ടു.

# നനയാത്ത മഴ

**ഗോപിക. R .8B**

മഴയുടെ തണുപ്പുകൊണ്ട് ഈറനായ തണത്തജനൽക്കമ്പികളിൽ അവർ മെല്ലെ തൊട്ടുനോക്കി.തണുത്തുപോയ കമ്പികൾ.അതിൽ തൊടുമ്പോൾ വല്ലാത്ത നിർവൃതി.ഉച്ചക്ക് ആരോടും മിണ്ടാതെ വന്ന മഴവൈകുന്നേരമായപ്പോഴെക്കുംആർത്തലയ്ക്കാൻ തുടങ്ങി.

വീട് നിശബ്ദമായിരുന്നു.ഉച്ചയുറക്കത്തിലെ തണുത്ത ആന്തരീക്ഷത്തിൽ പുതച്ചുമൂടി അങ്ങനെ കിടക്കാൻ എന്തുസുഖമാണ്.പക്ഷേ അവർക്കെന്തോ ഉറക്കം വന്നില്ല.കട്ടപ്പുതപ്പ് കഴുത്തുവരെ മൂടിക്കിടന്നിട്ടുംമഴ അവളെ വെറുതേ വിട്ടില്ല.പതുക്കെ അവൾ വരാന്തയിലേക്കെത്തി.അമ്മ മുൻപ് ഒർമിപ്പിച്ച മഴയത്തിറങ്ങരുതെന്ന താക്കീതിനെ മഴയത്തെങ്ങോ വന്ന കുസൃതിക്കാറ്റ് പറത്തിക്കളഞ്ഞു.

**മഴയത്തേക്കിറങ്ങി,അഴുക്കുചാൽനിറഞ്ഞഓടകളിൽ നിന്നും ദുർചിന്തകളാൽ മൂടപ്പെട്ട മനസിൽനിന്നുംഅവൾ മുക്തയായിരിക്കുന്നു.ചുവപ്പുകരയുംഞൊറിയുമുള്ള അവളുടെപ്രിയപ്പെട്ട ഫ്രോക്കിൽ കരിമ്പൻ വരുമെന്നറിഞ്ഞിട്ടും അവൾ മഴയെ പിണക്കിയില്ല.മഴവെള്ളം അവളുടെ കാലിൽ വീണ് ഇക്കിളികൂട്ടി.മഴവെള്ളംതറയോടുകൾ പാകിയ തറയിൽ വീണ് കുമിളയാകുന്നതും മറ്റൊരു മഴത്തുള്ളിവീണ് അത് പൊട്ടിപ്പോകുന്നതും അവൾ കൗതുകത്തോടെ നോക്കി.മുറ്റത്തെ ഉണങ്ങാനിട്ട തുണികളുടെ കാര്യം അവൾ പാടെ മറന്നുപോയിരുന്നു.അവൾ മറ്റൊരുലോകത്തായിരുന്നു.മഴയുടെ മനോഹരമായ ലോകത്തിൽ......**

# NOBEL PRIZE WINNER- BOB DYLAN

**Sheeja John**
**Eng. Teacher**

Singer and song lyricist Bob Dylan was awarded the nobel prize in literature in 2016 for having created new poetic expression, within the great American song tradition in the words of the Swedish academy.
He is the first American to win the prize, since novelist Tony Morrison in 1993 .Mr. Dylan's work remains utterly lacking in conventionality, moral sleight of hand, thanks to his audience .The former Rolling Stones bass player Bill Watman wrote in an essay in the 'NewYork Times 'arguing for Dylan to get the award,'His lyricism is exquisite, his concern and subject are demonstrably timeless'.

Dylan was born on May 24, 1941, in Duluth, Minnesota, and grew up in Hibbling.He played in bands as a teenager, influenced by the folk musician Woody Guthrie, the author of the Beat Generation and modernist poets .He moved to NewYork in 1961 and began to perform in clubs and cafes in Greenwich village .The following year he signed a contract for his debut album' Bob Dylan'(1962) .His other albums include 'Bringing it all back home' and' Highway61 Revisited(1965), 'Oh Mercy'(1989) and Modern Times(2006).

## ചാച്ചാജിയും കുട്ടികളും

നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രി അയിരുന്നു ചാച്ചാജി . അദ്ദഹത്തിനു കുട്ടികളെ വളരെ ഇഷ്ടമായിരുന്നു.ചാച്ചാജി എന്നാണ് കുട്ടികൾ അദ്ദേഹത്തെ ഇഷ്ടത്തോടെ വിളിച്ചിരുന്നത്.ഒരിക്കൽ ചാച്ചാജി ഒരു റോഡിലൂടെ ജീപ്പിൽ വരികയായിരുന്നു.അദ്ദേഹത്തെ കാണാനായി വഴിയരികിൽ ആളുകൾ കൂടിനിന്നു.കുറെ കുട്ടികളും ഉണ്ടായിരുന്നു.ആളുകളുടെ ഇടയിൽ ഒരു ബലൂൺ കച്ചവടക്കാരനും ഉണ്ടായിരുന്നു.പല പല നിറങ്ങൾ ഉള്ള ബലൂൺകൾ അയാളുടെ കയ്യിൽ ഉണ്ടായിരുന്നു.ബലൂൺ കച്ചവടക്കാരന്റെ അടുത്ത് എത്തിയതും ഡ്രൈവറോട് ജീപ്പ് നിർത്താൻ ചാച്ചാജി പറഞ്ഞു.ജീപ്പിൽ നിന്ന് ഇറങ്ങിയ ചാച്ചാജി നേരെ അയാളുടെ അടുത്തേക്ക് നടന്നു വന്നു.പാവം ബലൂൺ കച്ചവടക്കാരൻ പേടിച്ചുപോയി.'ഹയ്യോ '!തന്നെ വഴക്കുപറയാനാണോ ചാച്ചാജി വരുന്നത്?അയാൾ ചാച്ചാജിയുടെ നേരെ കൈകൾ കൂപ്പി.അവിടെ നിന്നവരെല്ലാം ആകാംഷയോടെ ചാച്ചാജിയെയും ബലൂൺ കച്ചവടക്കാരനെയും നോക്കിനിന്നു.ചാച്ചാജി ഉടനെ പോക്കറ്റിൽ നിന്ന് പണമെടുത്തു ആ ബലൂൺ എല്ലാം വാങ്ങി.എന്നിട്ടു എന്ത് ചെയ്തെന്നോ? കുട്ടികൾക്കെല്ലാം ചാച്ചാജി ഓരോ ബലൂൺ വീതം നൽകി.കുട്ടികളെല്ലാം സന്തോഷം കൊണ്ട് തുള്ളിച്ചാടി.ബലൂൺ കച്ചവടക്കാരനും സന്തോഷമായി.അത്രയ്ക്ക് സ്നേഹമായിരുന്നു ചാച്ചാജിയ്ക്ക് കുട്ടികളോട്.അതുകൊണ്ടാണ്,അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 കുട്ടികളുടെ ദിനം ആയി ആഘോഷിക്കുന്നത് .

# Swachh Bharat Abhiyan : Role of Science and Technology- Promises and Challenges

**Ema S Krishna. 10D**

## Introduction

Life, now a days ,has become so fast and luxurious that we cannot imagine it without the sophisticated electrical and electronic gadgets. Plastic has multiple uses and its physical and chemical properties lead to its commercial success. However the indiscriminate disposal of plastic has become a major threat to the environment. In particular, the plastic carry bags are the biggest contributors of littered waste and every year millions of plastic bags end up into the environment vis-a-vis soil, water bodies, water courses etc and it takes an average of one thousand years for it to decompose completely. Therefore, to the address the issue of scientific plastic waste management, a new regulation namely, the Plastic Waste rules, 2011 were notified which include plastic waste management. Electronic waste or E-waste is one of the rapidly growing environmental problems in the world. In India, electronic waste management assumes greater significance not only due to the generation of our own waste but also dumping of E-waste, particularly computer waste from the developed countries. This include solid, liquid and gaseous by- products, resulting from human biological process,manufacturing, material processing, consumption of goods or any other human activities. Liquid and solid waste types can also be grouped into organic, reusable and recyclable

waste. Liquid type waste can come in non solid form. Some solid waste can also be converted to a liquid waste form for disposal. Gaseous waste result from the discovery, extraction and processing of oil and natural gas. This includes drilling waste and the air from the factories and vehicles. These are the major things that lead to introducing Swachh Bharat Abhiyan.

Swachh Bharat Abhiyan is a national level campaign launched by the Government of India. This event was flagged off by the then President Pranab Kumar Mukherjee. The campaign had been officially launched on 2nd October 2014 at Rajghat, New Delhi. Thousands of government employers, students from various schools and collages of India participated in this event. The campaign aims to accomplish the vision of clean India by October 2019 , the150th birthday of Mahatma Gandhi and it is expected to cost over INR 62,000 crore. This campaign has been described as "beyond politics" and "inspired by patriotism".

The Government has taken various steps to create awareness among the massess for keeping the area surrounding them neat and clean. Government also plays special attention for cleaning river, railway stations, tourist destinations and other public places. Swachh Bharat Abhiyan is an action plan of the Ministry of drinking water and sanitation. Swachh Bharat Abhiyan was not only for the rural areas but also for the urban areas.The slogan of Swachh Bharat Abhiyan is "Ekk kadam

swachtha ki orr"- a step forward to cleanliness.

The approval for the restructuring of Nirmal Bharat Abhiyan to Swachh Bharat Abhiyan, was given by the Prime-Minister of India, Sri Narendra Modi. Nirmal Bharat Abhiyan was also known as total sanitation campaign. This programme was initiated by the Government of India in 1999. It aims to motivate rural house-hold to built toilets facilities and encouraging there use.

AIMS OF SWACHH BHARATH MISSION:

* Aim to improve sanitation facilities for 15.6% households which do not have proper sanitation facilities.
* The promise was to keep each path, road, office and every particle of air around us clean.
* To convert insanitary toilets into proper flush-toilets.
* To make people aware of healthy practices.
* To completely start the scientific processing, re-cycling and re-using of municipal solid waste.
* To provide required environment for the private sector to let participate in the capital expenditure for all operation and maintenance of cost related to cleaning campaign.
* To inform people about sanitation and also to involve people with the sanitation programme and public health in order to generate public awareness.

THE OBJECTIVES OF SWACHH BHARAT ABHIYAN :

* Create public awareness about the drawbacks of open defecation and promotion of latrine use.
* Change people's mind set towards proper sanitation use.
* To ensure solid and liquid waste management through grama panchayat.
* Lay water pipe-lines in all village, ensuring water supply to all house holds by 2019.
* Keep villages clean.
* Construct individual cluster and communicative toilets.
* Eliminate open defecation. Open defecation is one of the main causes of death,including thousands of children.

CHALLENGES:

* As you all know , India is a heavy populated country. Implementing Swachh Bharat Abhiyan in each and every place is too difficult. Indians have a very old habit of defecation outside their houses despite having sufficient money to build toilets, particularly people livingin rural areas.
* The officials are responsible for the construction of toilets in villages and harass them which is quite immoral in a sense.
* Corruption being rampant among officers also poses challenges to the mission For many officers it has become a fashion to show off, holding the broom for a selfie.

* There is no proper channelization of funds in rural areas for construction of toilets and improvisation of sanitation facilities.
* The major challenges is funding. Unfortunately the private sector has not taken much interest in the project. The project requires huge resource which the government alone cannot rise.
* Need of more toilets on national highways  and roadways.
*There are still no proper dumping facilities on highways due to which people throw their waste on road carelessly.

E-waste and plastics

Electronic equipments,products ,connections with power plugs, batteries which have become obsolete due to advancement in technology, changes in fashion, style and status nearing the end of their useful life add to e-waste.. With extensive use of  computers , electronic equipments and people dumping old electronic goods for new ones,the amount of e-waste generated has been steadily increasing. The electrical and electronic goods are broadly classified under three major heads; (1)white goods :comprising of household appliances like dish washers, washing machine, air-conditioners  etc.(2)Brown Goods: including television and cameras (3)Grey Goods: like computer,scanner,mobile phone etc.

-

USE OF SCIENCE AND TECHNOLOGY

Technology makes an impact on the minds of both residential and non-residential Indians, non Indians too.This will make a positive impact on the overall development of the country. Swachh Bharat has launched a mobile application and a web-site which will probably attract the younger generation to keep our best foot forward and work towards a clean India. We clean our homes and throw the dirt outside and it ibecomes a public nuisance. We need technology to step forward and help out in garbage collection as it is required to achieve the goals of Swachh Bharath. But India is moving forward. Places like Bangaluru are turning kitchen wastes to rich manures. Jamshedpur has leaped forward and done tarring of roads using plastic wastes. Much can be done using technology to contribute to Swachh Bharath Abhiyan like making of land,fill gas-to-energy machines that generate landfill gas, to promote efficiency.

Mobile apps to report dirty areas.

Invest more in recycling supplying chains and infrastructures.

Ingenious wastes purification technologies.

So we can say for sure that technology will speed up the implementation of various efforts to achieve the objectives of Swachh Bharat Abhiyan.

SUGGESTIONS

Use vacuum cleaners for cleaning roads starting with metro cities . Use of CCTV Camera is necessary to check those who still find fun in making our roads dirty. Use of bio-toilets. India's first scientific e-waste recycling unit will reduce pollution,land fill waste recover valuable metal ,plastic and glass from waste in an eco-friendly manner. Make equipments long lasting. Maintain it and only replace it once it has passed its useful life. Buy environmental responsible electric equipments. At the office,try pyramid pc distribution where the staff needing the most computing power get the new pc and their old ones are passed on to staff who use pc less intensively. If you are in any area regulations on e-waste, follow the required procedures. Printer and ink-cartilages should be recycled via local supplies of collective points. Increase minimum thickness of plastic carry bags from 40 – 50 microns. To promote use of plastic waste for road constructions as per INDIAN ROAD CONGRESS guidelines or energy recovery, or waste oil etc..Government need to provide tax for encouraging enterprises to invest in the project, it should be divided into different website for different schemes like DIGITAL INDIA, SWACHH BHARAT. The responsibility to provide land for establishing waste management facility should be made to the department with business allocation of land allotment by the state government.

BUDGET FOR THE SWACHH BHARAT MISSION.

Contribution to SWACHH BHARAT kosh.

- Budgetary allocations .
- Funding assistance from multilateral source.
- Through commitments under co operations(CUS)

CONCLUSION

Swachh Bharat Abhiyan can be accomplished by its deadline of October 2019. Once the programme is implemented in totality, the achievement will be recorded in the annals of history in golden letters and the prime minister will occupy a place in the galaxy of great statesmen of the world. It will also pave the way for India to be recognized as a global player among the top nations in the world.

## നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു

Arjun B.S 9C

നാം പാർക്കുന്ന ലോകവും നാം ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട് ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ട് വ്യക്തികൾ വ്യത്യസ്ത ലോകങ്ങളിലാണ് ജീവിക്കുന്നത്.എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അതാണ് നമ്മുടെ ലോകം.പരിസ്ഥിതിയും പാരമ്പര്യവുമാണ് ലോകത്തെ രൂപപ്പെടുത്തുന്നതെന്ന ശാസ്ത്രജ്ഞൻമാരുടെ വാദത്തിന് പകരം മനസ്സിന്റെ പ്രവർത്തന ഗതിയുമാണ് ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്ന പുതിയ വാദഗതി ഉടലെടുത്തിരിക്കുന്നു.അവരുടെ ജീവിത താല്പര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്.നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു.

.

# സ്മൃതിജാലകം........


NCC


MAGAZINE


LIBRARY


ECO CLU


TOUR


CRICKET




YOUTH FESTIVAL OVER ALL 2018




SCIENCE FAIR OVER ALL














# നന്ദി

സ്മൃതിയുടെവിചിത്ര ജാലകം ഇവിടെ പൂർണമാകുന്നില്ല.ഇതൊരു തുടക്കം മാത്രമാണ്;ഇതിന്റെ സാരഥ്യം എന്നിലേൽപിച്ച നിങ്ങൾക്കും കർമ പഥങ്ങളിൽ ഒപ്പം നിന്നവർക്കും അനുഭവങ്ങൾ എഴുത്തിലൂടെ പങ്കുവച്ചവർക്കും ഹൃദയംഗമമായ നന്ദി.........